**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ്- 18-07-2018-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി തീരുമാനങ്ങൾ- താനൂർ ബ്ലോക്ക് പഞ്ചായത്ത്- 'അങ്കണവാടികൾ ശിശു സൗഹൃദമാക്കൽ, എന്ന പദ്ധതി നടപ്പിലാക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്**

**സ.ഉ.(സാധാ) നം.2157/2018/ത.സ്വ.ഭ.വ** **തീയതി,തിരുവനന്തപുരം, 05/08/2018**

---

പരാമർശം:- 1 മലപ്പുറം ജില്ലാ കലക്ടർ & മെമ്പർ സെക്രട്ടറി ജില്ലാ ആസൂത്രണ സമിതിയുടെ 30.06.2018-ലെ 400/2018-19/ഡിപിസി/ഡിപിഒ/എംപിഎം നമ്പർ കത്ത്

2 18.07.2018-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ4.16(ii)-ാം നമ്പർ തീരുമാനം

**<u>ഉത്തരവ്</u>**

താനൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 വാർഷിക പദ്ധതിയിൽ ഉൾപെടുത്തി, അംഗൻവാടികളിലേക്ക് കുട്ടികളെ ആകർഷിക്കുന്നതിന് അങ്കണവാടികൾ ശിശു സൗഹൃദമാക്കുന്നതിനായി ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ തെരഞ്ഞെടുത്ത അംഗൻവാടികളിൽ കളിയൂഞ്ഞാൽ സജ്ജീകരിക്കുന്നതിനും ശിശു സൗഹൃദ പെയിന്റിംഗ് നടത്തുന്നതിനും മറ്റുമായി 'അംഗൻവാടികൾ ശിശു സൗഹൃദമാക്കൽ' എന്ന പദ്ധതി നൂതന പ്രോജക്ടായി ആവിഷ്കരിച്ചിട്ടുണ്ട് (പ്രോ.നം.88/19, അടങ്കൽ തുക 6,45,400/-). ടി പദ്ധതിക്ക് അംഗീകാരം നൽകണമെന്ന് പരാമർശം(1) പ്രകാരം മലപ്പുറം ജില്ലാ കലക്ടർ & മെമ്പർ സെക്രട്ടറി ജില്ലാ ആസൂത്രണ സമിതി മുഖേന ലഭ്യമാക്കിയ അപേക്ഷയിൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി അപേക്ഷിച്ചിരുന്നു. ടി പദ്ധതി നൂതന പ്രോജക്ടായി പരിഗണിക്കുന്നില്ലെന്നും മാർഗ്ഗരേഖയിലെ മറ്റ് മാനദണ്ഡങ്ങൾ പാലിക്കണമെന്ന നിബന്ധനയോടെ പ്രത്യേകാനുമതി നൽകുന്നതിനും പരാമർശം (2) പ്രകാരം വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 18.07.2018-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ പരാമർശം(2) തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, താനൂർ ബ്ലോക്കിലെ തെരഞ്ഞെടുത്ത അങ്കണവാടികൾ ശിശുസൗഹൃദമാക്കുന്നതിലേക്കായി ആവിഷ്കരിച്ച 'അംഗൻവാടികൾ ശിശു സൗഹൃദമാക്കൽ' എന്ന പ്രോജക്ടിന്, ബന്ധപ്പെട്ട മാർഗ്ഗരേഖയിലെ മറ്റു മാനദണ്ഡങ്ങൾ പാലിക്കണമെന്ന നിബന്ധനയോടെ (ഇത് നൂതന പ്രോജക്ടായി പരിഗണിക്കില്ല) പ്രത്യേക അനുമതി നൽകി ഉത്തരവാകുന്നു.